LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുത്ത ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യ കൃഷി ആരംഭിക്കുന്നതിന് മുമ്പ് കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങളും മറ്റുവസ്തുവകകളും ന്യായവിലയ്ക്ക് എടുത്തുകൊള്ളാമെന്ന് ഔഷധ നിർമ്മിതാക്കളുമായി സമ്മത പത്രത്തിൽ ഒപ്പുവയ്ക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

ബയോഗ്യാസ് പ്ലാന്റ്

78 (4466) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന ഉപഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ?

ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്ലാന്റിന്റെ വലുപ്പമനുസരിച്ച് ധനസഹായം നൽകുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് ബയോ ഗ്യാസ് പ്ലാന്റിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച പരിശീലനവും നൽകുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ധനസഹായം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കേന്ദ്രസഹായത്തിന് പുറമേ, 2019-2020 മുതൽ സംസ്ഥാന സർക്കാർ $2M^3$-$6M^3$ വരെയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ജനറൽ വിഭാഗത്തിന് 8,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 9,000 രൂപയും അധിക സഹായമായി നൽകിവരുന്നു.

കാർഷിക യന്ത്രസേവനങ്ങൾ

79 (4467) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കാർഷിക യന്ത്ര സേവനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകുമോ; യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർക്കാൻവേണ്ട നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ നാല് അഗ്രോസർവ്വീസ് സെന്ററുകളും 11 കാർഷിക കർമ്മസേനകളും കാസർഗോഡ് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു കസ്റ്റം ഹയറിംഗ് സെന്ററും കൃഷി വകുപ്പിന്റെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പുല്ലൂർ പെരിയ അഗ്രോസർവ്വീസ് സെന്ററിന് ഒരു കൊയ്ത്തുമെതിയന്ത്രവും ഒരു വയ്ക്കോൽ കെട്ടുന്ന യന്ത്രവും നീലേശ്വരം അഗ്രോസർവ്വീസ് സെന്ററിന് ഒരു വയ്ക്കോൽ കെട്ടുന്ന യന്ത്രവും 32 ലക്ഷം രൂപ ചെലവിൽ നൽകിയിട്ടുണ്ട്. കേരളത്തിലുടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മസേനകൾ എന്നിവയുടെ കീഴിലുള്ള കേടായ എല്ലാ കാർഷിക യന്ത്രങ്ങളും നന്നാക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' എന്ന ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനായി ജില്ലകൾതോറും കാർഷിക യന്ത്ര ദൗത്യസേനകളെ രൂപീകരിച്ചിട്ടുണ്ട്. കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിലായി കാസർഗോഡ് ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും കീഴിലുള്ള എട്ട് ട്രാക്ടർ, രണ്ട് മിനി ട്രാക്ടർ, മൂന്ന് പവർ ടില്ലർ, നാല് ഗാർഡൻ ടില്ലർ, രണ്ട് നടീൽ യന്ത്രം, അഞ്ച് പവർ വീപ്പർ, ഒൻപത് ബ്രഷ് കട്ടർ, മൂന്ന് സ്പ്രേയർ, ഒരു റോട്ടവേറ്റർ എന്നിവ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. 2021 ജൂലൈ, സെപ്തംബർ എന്നീ മാസങ്ങളിലായി നടത്തുന്ന കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന്റെ നാലാം ഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും കീഴിലുള്ള കേടായ എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് അറ്റകുറ്റപണി ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതാണ്. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പ്രവർത്തി പരിചയ പരിശീലന ത്തിനുമായി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ (KSAMM) നേതൃത്വത്തിലുള്ള ടീം കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിപരിചയ പരിശീലനം നൽകിവരുന്നു. SMAM പദ്ധതി പ്രകാരം 1.27 കോടി രൂപ വിവിധ യന്ത്രങ്ങൾക്ക് ആനുകൂല്യമായി കഴിഞ്ഞവർഷം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. SMAM പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നതിനാൽ ഇത്തരം യന്ത്രങ്ങൾ ആവശ്യമുള്ള കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്.

ഓണക്കാല പച്ചക്കറി കൃഷി

80 (4468) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം അടുത്തുവരുന്ന സാഹചര്യത്തിൽ പച്ചക്കറികളുടെ ആവശ്യകത വർദ്ധിക്കാനും അതുവഴി വില കൂടാനുമുള്ള സാധ്യത പരിഗണിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?